## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1658** **10.03.2020-ൽ മറുപടിക്ക്**

### മൂന്നാം ഗ്രേഡ് ഓവർസീയർ/ട്രേസർ തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) മൂന്നാം ഗ്രേഡ് ഓവർസീയർ/ട്രേസർ (പൊതുമരാമത്ത്/ ജലസേചനം) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ നമ്പർ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ; | (എ) മൂന്നാം ഗ്രേഡ് ഓവർസീയർ/ട്രേസർ (പൊതുമരാമത്ത് വകുപ്പ്/ജലസേചനം) തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ആകെ ഒൻപത് കേസുകൾ നിലവിലുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.:-<br><u>പൊതുമരാമത്ത് വകുപ്പ്</u><br>(i) ഒ.എ നം.2157/18 ശ്രീ.ഷിജിത്ത്.പി.കെ ഫയൽ ചെയ്തത്<br>(ii) ഒ.എ.നം.1689/18- ശ്രീമതി.സുജാത.പി.കെ ഫയൽ ചെയ്തത്.<br>(iii) ഒ.എ.നം.705/19- ശ്രീമതി.പുഷ്പലീല എം.ജി ഫയൽ ചെയ്തത്.<br><u>ജലസേചന വകുപ്പ്</u><br>(iv) ഒ.എ.നം.1927/2018 ശ്രീ.ശ്രീകാന്ത്.എസ് മുതൽ പേർ ഫയൽ ചെയ്തത്<br>(v) ഒ.എ.(ഇ.കെ.എം.) നം.1891/2018 ശ്രീ.റോബി ഫ്രാൻസിസ് മുതൽ പേർ ഫയൽ ചെയ്തത്.<br>(vi) ഒ.എ.നം.1897/2018 ശ്രീ.സന്തോഷ് വി.റ്റി. മുതൽ പേർ ഫയൽ ചെയ്തത്.<br>(vii) ഒ.എ.നം.1889/2018 ശ്രീമതി.ശ്രീല എസ്.എ മുതൽ പേർ ഫയൽ ചെയ്തത്.<br>(viii) ഒ.എ.(ഇ.കെ.എം.) നം.2120/2018 ശ്രീ.ഹരിദാസ് പി.എസ്. മുതൽ പേർ ഫയൽ ചെയ്തത്.<br>(ix) ഒ.എ.നം.2265/2019 ശ്രീമതി.വിനിത ഒ.വി. ഫയൽ ചെയ്തത്. |

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര എൻ.ജെ.ഡി ഒഴിവുകളുണ്ടെന്നും അവയുടെ പൊതുവിഭാഗം, സംവരണവിഭാഗം എന്നിങ്ങനെ തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും 1980 ഒഴിവുകളും ജലസേചന വകുപ്പിൽ നിന്നും 21 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പിൽ ഉണ്ടായിരുന്ന 505 എൻ.ജെ.ഡി ഒഴിവുകളിൽ 230 ഒഴിവുകൾ പൊതുവിഭാഗത്തിലും, 275 ഒഴിവുകൾ സംവരണ വിഭാഗത്തിലും ഉള്ളവയാണ്. ജലസേചന വകുപ്പിൽ ഉണ്ടായിരുന്ന 17 എൻ.ജെ.ഡി ഒഴിവുകളിൽ 15 ഒഴിവുകൾ പൊതുവിഭാഗത്തിലും 2 ഒഴിവുകൾ സംവരണ വിഭാഗത്തിലും ഉള്ളവയാണ്.

**സെക്ഷൻ ഓഫീസർ**